**കഥ**
**തമ്പി ആന്റണി**

# പുരുഷോത്തമൻപിള്ള: റൂം 99

അധികം കഥകളൊന്നും എഴുതിയിട്ടില്ലെങ്കിലും, കുറേ നല്ല കഥകളെഴുതി ശ്രദ്ധിക്കപ്പെട്ട ഒരെഴുത്തുകാരൻ പെട്ടെന്ന് എഴുത്തു നിർത്തുന്നിടത്താണ് സംഭവങ്ങളുടെ തുടക്കം. അത്തരമൊരവസ്ഥയിൽ, കുറേ വായനക്കാർ മറക്കുമെങ്കിലും എല്ലാവർക്കും അതു പറ്റില്ലല്ലോ! ആ കഥാകാരന്റെ പുതിയ കഥകൾക്കായി കാത്തിരുന്ന ഒരു വായനക്കാരൻ, അയാളെ അന്വേഷിച്ചുള്ള യാത്രയിലാണിപ്പോൾ.

എഴുത്തുകാരൻ സ്ഥിരമായി എഴുതാറുള്ള ആഴ്ചപ്പതിപ്പിന്റെ ഓഫീസിലാണ്, വായനക്കാരൻ ആദ്യം പോയത്. പതിവായി യാത്ര ചെയ്യാറുള്ള സ്വന്തം ബൈക്കിലാണ് അയാൾ പട്ടണത്തിലേക്കു വന്നത്. സൈലൻസർ കേടായ ആ മോട്ടോർ ബൈക്കിൽ പതിയെപ്പോയാലും, അതിന്റെ അരോചകമായ ശബ്ദം കേട്ട്, കാൽനടക്കാർ വരെ രണ്ടു ചെവിയും പൊത്തിപ്പിടിച്ചു പ്രതിഷേധിക്കാറുണ്ട്. അതൊന്നും അയാൾ മാത്രം അറിയാറില്ല; അല്ലെങ്കിൽ അയാൾ അതൊന്നും ശ്രദ്ധിക്കാറില്ല.

പ്രധാനതെരുവിൽനിന്ന് അകലെ മാറി, അധികം തിരക്കില്ലാത്ത, പൊക്കമുള്ള മരങ്ങൾ ഇരുട്ടു പാകിയ, ഇടുങ്ങിയ തെരുവിലേക്കായിരുന്നു അയാൾ തിടുക്കത്തിൽ ഓടിച്ചുപോയത്.

പോകേണ്ട സ്ഥാപനത്തിന്റെ വാതിൽക്കൽ ബൈക്ക് നിർത്തി, പട്ടണത്തിന്റെ പഴമയെ ഓർമ്മപ്പെടുത്തുന്ന മൂന്നുനിലക്കെട്ടിടത്തിലേക്ക് അൽപ്പനേരം നോക്കിനിന്നു. ഒരു കാറിനു കയറാവുന്ന ഗെയ്റ്റിനോടു ചേർന്ന്, പെയിന്റിളകിത്തുടങ്ങിയ നെയിംബോർഡിൽ, ‘എഴുത്തോല’ എന്ന്, ഒരോലയുടെ പടത്തിൽ കറുത്ത അക്ഷരങ്ങളിൽ എഴുതിയിട്ടുണ്ട്. അതു കൂടാതെ, താഴത്തെ നിലയിലുള്ള ഒരു തയ്യൽക്കടയുടേയും ഫാർമസിയുടേയും പേരുകളെഴുതിയ ബോർഡുകൾ മാത്രമേയുള്ളു. അവ രണ്ടും തുറന്നിട്ടുണ്ടെങ്കിലും അകത്ത് ആളനക്കങ്ങളില്ല.

വെട്ടുകല്ലുകൾകൊണ്ടു കെട്ടിയ, അധികം പൊക്കമില്ലാത്ത, പൊട്ടിപ്പൊളിഞ്ഞ മതിലിൽ, ചുവന്ന പൂക്കളുള്ള ബോഗെൻവില്ല പടർന്നു പന്തലിച്ചിട്ടുണ്ട്. അതുകൊണ്ട്, പുതുതായി ഒട്ടിച്ചിട്ടുള്ള സിനിമാ പോസ്റ്ററുകൾപോലും വ്യക്തമായി കാണാൻ കഴിയില്ല.

അയാൾ ബൈക്ക് അകത്തേക്കു കയറ്റി. മുമ്പൊക്കെ ഒരുപാടു കാറുകൾ തിങ്ങി പാർക്ക് ചെയ്തിരുന്ന, വലിയ പാർക്കിംഗ് ഏരിയയിൽ ഒന്നോ രണ്ടോ കാറുകൾ മാത്രമേയുണ്ടായിരുന്നുള്ളു എന്നത് അയാളെ അത്ഭുതപ്പെടുത്തി. പ്രിന്റ് മീഡിയയുടെ തകർച്ചയുടെ തുടക്കമാണോ ഇതൊക്കെ എന്നയാൾ ഒരുനിമിഷം ആലോചിച്ചുനിന്ന ശേഷം, അന്വേഷണമുറിയിലേക്കു കയറി. അവിടെയും ആളനക്കമൊന്നുമില്ല.

പത്രാധിപരെ ഒന്നു കാണണമെന്നു പറഞ്ഞപ്പോൾ, അവിടെയിരുന്ന അൽപ്പം കറുത്ത പെൺകുട്ടി പേരു ചോദിച്ചു. ‘കറുപ്പിനേഴഴക്’ എന്നൊക്കെ വെറുതേ പറയുന്നതല്ല എന്ന് അവളെ കണ്ടപ്പോൾ തോന്നി. പത്രക്കാരൊക്കെ അവരുടെ ഓഫീസുകളിൽ സുന്ദരികളായ പെൺകുട്ടികളെ ഇരുത്തുന്നതിൽ എന്തെങ്കിലും ഉദ്ദേശ്യമുണ്ടായിരിക്കണമല്ലോ!

വീണ്ടും അതേ കിളിനാദം:

‘എന്തുപറ്റി മാഷേ, പേരില്ലേ?!’

ഒന്നു ചമ്മിയെങ്കിലും അതറിയിക്കാതെ അയാൾ ക്ഷമാപൂർവ്വം പറഞ്ഞു:

‘സോറി... ഞാൻ വെറുതെ ഓരോന്നാലോചിക്കുകയായിരുന്നു...’

അവൾ അതു കേൾക്കാത്ത മട്ടിൽ, ഉള്ളിൽ ചിരിയൊളിപ്പിച്ചു വീണ്ടും പറഞ്ഞു:

‘പേരു പറഞ്ഞില്ല...’

‘ആദിത്യൻ.’

‘എവിടെനിന്നു വരുന്നു?’

‘കുറച്ചു കിഴക്കുനിന്നാ...’

അവൾ ഇന്റർകോമിലൂടെ വീണ്ടും കിളിനാദമൊഴുക്കി:

‘സാർ... കിഴക്കുനിന്ന് ഒരാദിത്യൻ വന്നിട്ടുണ്ട്... സാറിനെ കാണാനാ...’

അതിനുശേഷം, അവൾ അവിടെയിരുന്ന ബുക്കിൽ ഇങ്ങനെയെഴുതി:

‘കിഴക്കുനിന്ന് ആദിത്യൻ.’

പിന്നെ, അയാളുടെ നേരേ നോക്കി, മോണോലിസയെപ്പോലെ ചിരിയൊളിപ്പിച്ച്, പതിഞ്ഞ സ്വര

ത്തിൽ ചോദിച്ചു:

'ഈ കിഴക്കുനിന്നുള്ള ആദിത്യൻ എന്നു പറഞ്ഞാൽ സൂര്യനായിരിക്കുമല്ലോ...?'

'നല്ല ഹ്യൂമർ സെൻസുണ്ടല്ലോ... എനിക്കിഷ്ടമായി.'

'എന്തിഷ്ടമായെന്ന്?'

'അഞ്ജനാ ജോസ് അംബൂക്കന്റെ ഹ്യൂമർ സെൻസ്... പച്ചമലയാളത്തിൽ പറഞ്ഞാൽ നർമ്മ ബോധം!'

പേരു പറഞ്ഞതു കേട്ടതോടെ, ഇട്ടിരുന്ന ഇളംമഞ്ഞ ഷർട്ടിന്റെ ഇടതുവശത്തായി മാറിടത്തിനു മുകളിൽ ക്ലിപ്പ് ചെയ്തിരുന്ന നെയിം ടാഗ് അവൾ വേഗത്തിൽ തിരിച്ചിട്ടു. ഷർട്ടിന്റെ മുകളിലത്തെ രണ്ടു ബട്ടണുകൾ ഇടാൻ മറന്ന കാര്യം, അപ്പോഴാണവൾ ശ്രദ്ധിച്ചത്. ഒരെണ്ണം പെട്ടെന്നിട്ടപ്പോഴേക്കും അയാൾ പറഞ്ഞു:

'ഞാനതൊക്കെ ആദ്യമേ കണ്ടുപിടിച്ചു!'

'കുറുക്കന്റെ കണ്ണാണല്ലോ...'

'ആണുങ്ങൾ നോക്കുന്നിടത്തായാൽപ്പിന്നെ കാണാതിരിക്കുമോ?'

'ഇതുവരെ കണ്ടുകഴിഞ്ഞില്ലെന്നു തോന്നുന്നു...'

'ആളിന്റെയത്രതന്നെ നീളമുള്ള പേരല്ലേ? വായിച്ചെടുക്കാൻ സമയമെടുക്കും'

'ആദിത്യൻ ഇത്തിരി കൂടുതൽ സമയമെടുത്തെന്നാ തോന്നുന്നത്. അതാ ഞാൻ മറിച്ചിട്ടത്...'

'എന്നാലും എനിക്കു കാണാം.'

'എന്തു കാണുന്ന കാര്യമാ ആദിമാഷേ...?'

'പേരില്ലാത്ത, നീളമുള്ള നെയിം ടാഗ്.'

അവൾ അർത്ഥംവച്ച് ഒന്നു നോക്കിയ ശേഷം, അതേ കള്ളച്ചിരിയോടെ അൽപ്പം ഗൗരവത്തിൽ പറഞ്ഞു:

'അപ്പുറത്ത് സ്വീകരണമുറിയിൽ പോയിരുന്നോളൂ... സമയമാകുമ്പോൾ വിളിക്കാം.'

പെട്ടെന്ന് ആ കിളിനാദത്തിനിത്തിരി ഘനം വച്ചതുപോലെ അയാൾക്കു തോന്നി.

ആദിത്യൻ അപ്പോഴാണ് അടുത്തുള്ള ഇടുങ്ങിയ മുറി ശ്രദ്ധിച്ചത്. അങ്ങോട്ടുനോക്കി, അയാൾ അവളോടു മെല്ലെ പറഞ്ഞു:

'താങ്ക്സ്...'

'യൂ ആർ വെൽകം.'

വർഷങ്ങളായി, പല എഴുത്തുകാരും ഇരുന്നു നിറംമങ്ങിപ്പോയ ലതർ സോഫയിൽ അയാൾ മനസ്സില്ലാമനസ്സോടെ ഇരുന്നു. മേശപ്പുറത്തു കിടന്ന മാഗസിനുകൾ അലസമായി മറിച്ചുനോക്കിക്കൊണ്ടിരുന്നപ്പോൾ, പ്രതീക്ഷിച്ചതുപോലെ അംബുക്കന്റെ വിളി വന്നു:

'മിസ്റ്റർ ആദി മുകളിലേക്കു ചെന്നോളൂ... മൂന്നാംനിലയിൽ റൂം തൊണ്ണൂറ്റൊമ്പത്...'

എത്ര സ്വാതന്ത്ര്യത്തോടെയാണവൾ 'ആദി' എന്നു വിളിക്കുന്നതെന്നാലോചിച്ച്, ഇരുമ്പുവേലിയുള്ള, പഴകി ലിഫ്റ്റിനടുത്തേക്ക് അയാൾ നടന്നു.

'ലിഫ്റ്റ് വർക്ക് ചെയ്യുന്നില്ല. നടന്നു കയറേണ്ടിവരും...'

അവൾ കളിയാക്കിയതാണെന്നു തോന്നി. പണി തന്നതാണോ എന്ന സംശയത്തിൽ അയാൾ അവളുടെ കണ്ണുകളിലേക്കു നോക്കി.

'നോക്കണ്ട. അതു കേടായിട്ടു രണ്ടുമൂന്നു ദിവസങ്ങളായി. സാമ്പത്തികപ്രശ്നങ്ങളാ...'

അയാൾ പെട്ടെന്നു നിന്നു. പിന്നെ, സംശയത്തോടെ പറഞ്ഞു:

'മനസ്സിലായില്ല...'

'മാഷ് ഈ ലോകത്തെങ്ങുമല്ലേ? ഇന്റർനെറ്റിന്റെ അതിപ്രസരംകൊണ്ട് പ്രിന്റ് മീഡിയയൊക്കെ പ്രശ്നത്തിലാ... കൂടാതെ, കേന്ദ്രസർക്കാരിന്റെ പുതിയ സർക്കുലറുണ്ട്... മാധ്യമസ്വാതന്ത്ര്യംതന്നെ അപകടത്തിലാ... പണ്ടേ ദുർബ്ബല, ഇപ്പോൾ ഗർഭിണിയും എന്നൊക്കെ കേട്ടിട്ടില്ലേ? അതാ ഇപ്പോഴത്തെ അവസ്ഥ...'

'നമ്മൾ ദുരവസ്ഥയിലാണെന്നാണോ അംബുക്കൻ പറഞ്ഞുവരുന്നത്?'

'അതുപിന്നെ സംശയമുണ്ടോ? ഇങ്ങനെ പോയാൽ എന്റെ സീറ്റും താമസിക്കാതെ തെറിക്കും.'

'അതെനിക്കിഷ്ടമായി!'

അവൾ രൂക്ഷമായി ഒന്നു നോക്കിയിട്ടു ചോദിച്ചു:

'എന്ത്? എന്റെ ജോലി തെറിക്കുന്നതോ?'

'അല്ല... ഞാൻ നേരത്തേ പറഞ്ഞില്ലേ, ഈ ഹ്യൂമർ സെൻസ്! അതും എത്ര കൂളായിട്ടാണു പറയുന്നത്!'

'ഉള്ളിലെ വിഷമം മറക്കാനുള്ള ഒരടവാ മാഷേ ഇതൊക്കെ... മറ്റുള്ളവരെ സന്തോഷിപ്പിക്കാൻ കൂളായി എന്തെങ്കിലുമൊക്കെ പറയും. എന്തായാലും ഈ ജോലിയുംകൂടി തെറിച്ചാൽ എന്റെ കാര്യത്തിൽ ഒരു തീരുമാനമാകും. ഇനിയിപ്പം മുകളിലേക്കു ചെല്ല്... ബാക്കി അവിടുന്നും കിട്ടും.'

അവളുടെ മുഖത്ത് നിഗൂഢമായ ചിരി. അൽപ്പനേരം എന്തോ ആലോചിച്ചു നിൽക്കുമ്പോൾ ഒരു പ്രായമായ സ്ത്രീ കൈവരിയിൽ പിടിച്ച് പടി കയറുന്നത് അയാൾ കണ്ടു. അവൾ പറഞ്ഞതു ശരിയാണെന്ന് അയാൾക്കു മനസ്സിലായി.

പതിനെട്ടാംപടി ചവിട്ടി, നേരേ തൊണ്ണൂറ്റിയൊമ്പതാംനമ്പർ ഓഫീസിന്റെ വാതിൽക്കലേക്കു ചെന്നു. തടികൊണ്ടുള്ള ഒരു ബോർഡിൽ, 'പത്രാധിപർ, പുരുഷോത്തമൻപിള്ള: റൂം 99' എന്ന് മലയാളത്തിൽ എഴുതിവച്ചിരുന്നു.

പെട്ടെന്ന്, രണ്ടാംക്ലാസ്സിൽ ഒരേ ബെഞ്ചിലിരുന്നു പഠിച്ച പുരുഷോത്തമനെയാണ് അയാളോർമ്മിച്ചത്. എന്നും ഒരു പത്രക്കടലാസിൽ മഞ്ചാടിക്കുരുവും കുന്നിക്കുരുവും പൊതിഞ്ഞുകൊണ്ടുവരുന്ന പുരുഷു. ഏറ്റവും പ്രിയപ്പെട്ട ആ കൂട്ടുകാരനെ ആദിത്യൻ അങ്ങനെയാണു വിളിച്ചിരുന്നത്. ഇളയ അനുജനുണ്ടായപ്പോൾ ഏതു പേരിടണം എന്ന് ചേച്ചിയും അമ്മയുംകൂടി കൂലങ്കഷമായി ചിന്തിച്ചപ്പോൾ ആദി നിർദ്ദേശിച്ചത് പുരുഷോത്തമൻ എന്ന പേരാണ്. ചേച്ചി അന്നയാളെ കൊന്നില്ലെന്നേയുള്ളു.

പത്രാധിപർ നല്ല തിരക്കിലായിരുന്നു. അതോ അങ്ങനെ അഭിനയിക്കുന്നതോ എന്നു മനസ്സിലായില്ല. ഭാഗ്യത്തിന് അകത്തു മറ്റാരുമില്ലെന്നു മനസ്സിലായി. പതിയെ ഒന്നുരണ്ടുതവണ മുട്ടിയപ്പോഴേ, 'കടന്നുവരൂ' എന്നൊരു ശബ്ദം ഉള്ളിൽനിന്നു വന്നു. അകത്തു കടന്നപ്പോഴേ, 'ഇരിക്കൂ' എന്നു പറഞ്ഞു.

അന്തരിച്ചുപോയ പ്രശസ്തനടൻ അടൂർ ഭാസിയെ ഓർമ്മിപ്പിക്കുന്ന രൂപം. അതേ ചിരി; അതേ സംസാരം. തൊട്ടടുത്ത മേശയിലും നിലത്തുമായി അടുക്കും ചിട്ടയുമില്ലാതെ വച്ചിരിക്കുന്ന പുസ്തകങ്ങളും വീക്കിലികളും. ശ്രദ്ധിച്ചു നോക്കിയാൽ, മേശയുടെ അടിയിൽ ഒന്നുരണ്ട് ഒഴിഞ്ഞ ബ്രാണ്ടിക്കുപ്പികളും മേശപ്പുറത്ത് രണ്ടു ഗ്ലാസ്സുകളും കാണാം.

'നമസ്കാരം സർ.'

അയാൾ പറഞ്ഞു.

'ഇന്നത്തെ ആദ്യത്തെ അതിഥിയാണു നിങ്ങൾ. എന്താണ് മുന്നറിയിപ്പൊന്നുമില്ലാതെ ഇങ്ങനെയൊരു സന്ദർശനം?'

പുരുഷോത്തമൻപിള്ള ചിരിച്ചുകൊണ്ട്, ഒരു മുഖവുരയുമില്ലാതെ ചോദിച്ചു.

'ഒരു എഴുത്തുകാരനെ അന്വേഷിച്ചിറങ്ങിയതാ.'

'പേരെന്താണെന്നാ പറഞ്ഞത്?'

'ആദിത്യൻ.'

'താങ്കളുടെ പേരാ ചോദിച്ചത്.'

'അതുതന്നെയല്ലേ പറഞ്ഞത്... ആദിത്യൻ'

'അപ്പോൾ നിങ്ങളാണോ ഈ കഥകളും ലേഖനങ്ങളുമൊക്കെ എഴുതിയിരുന്നത്?'

'അല്ല സർ. ഞാനും അന്വേഷണത്തിലാണ്. എനിക്കും കണ്ടെത്താനായില്ല!'

പുരുഷോത്തമൻപിള്ള പരിഹാസച്ചിരിയോടെ പറഞ്ഞു:

'ഇതൊക്കെ എല്ലാ എഴുത്തുകാരും പറയുന്നതാ... സ്വയം കണ്ടെത്താനുള്ള വ്യഗ്രത. എഴുത്തിന്റെ തുടക്കംതന്നെ അങ്ങനെയാണല്ലോ. എന്തായാലും എനിക്കും അങ്ങനയൊരാളെ നേരിട്ടറിയില്ല. അഞ്ജന വിളിച്ചുപറഞ്ഞപ്പോൾ അയാളായിരിക്കുമെന്നു തെറ്റിദ്ധരിച്ചു.'

'ഇപ്പോൾ എനിക്കുമൊരു സംശയമുണ്ട്. ആ തൂലികാനാമത്തിൽ, "എന്നെ തിരയുന്ന ഞാൻ" എന്നൊരു പുതിയ പുസ്തകത്തിന്റെ പണിപ്പുരയിലാണിപ്പോൾ.'

ആദിത്യൻ ഗൗരവത്തിൽ പറഞ്ഞു.

പുരുഷോത്തമൻ ഉച്ചത്തിൽ ചിരിച്ചു. പെട്ടെന്ന്, അടൂർ ഭാസിയെപ്പോലെ ചിരിക്കു സഡൻ ബ്രേക്കിട്ടു.

'നിങ്ങൾ എഴുത്തുകാരൻ മാത്രമല്ല, പെരുംകള്ളനുംകൂടിയാ... എനിക്കീ കള്ളം പറയുന്നവരെ ഒറ്റ നോട്ടത്തിൽ തിരിച്ചറിയാം.'

'എഴുത്തുകാരെല്ലാം കള്ളൻമാരല്ലേ... ഒന്നാന്തരം മോഷ്ടാക്കൾ! കുറേ കള്ളങ്ങൾ കൂട്ടിക്കൂട്ടി കഥകളും നോവലുകളും മെനഞ്ഞെടുക്കുന്നു. അസ്സൽ കൊള്ളക്കാരാ സർ.'

'നിങ്ങളുടെ തത്വശാസ്ത്രം എനിക്കിഷ്ടമായി. കുറേക്കാലമായി കഥയ്ക്കുള്ള പേയ്മെന്റെല്ലാം പെൻഡിംഗിലാ...'

പത്രാധിപർ മേശയുടെ ഡ്രോയർ വലിച്ചുതുറന്ന്, അതിൽനിന്നൊരു കവറെടുത്തു മേശപ്പുറത്തു വച്ചു.

'ഞങ്ങളുടെ വാർത്തകൾക്കും വിലക്കുകൾ വന്നുതുടങ്ങി. അതുകൊണ്ട് എഴുത്തോലയും കൊഴിഞ്ഞുവീഴാറായി. ഉടൻതന്നെ ചരമക്കോളത്തിൽ ഇടംപിടിക്കുമെന്ന് ഏതാണ്ടുറപ്പായി...'

ഒന്നു നിർത്തി, ആദിത്യന്റെ മുഖത്തേക്കു സൂക്ഷിച്ചുനോക്കി പത്രാധിപർ ചോദിച്ചു:

'ഒരെണ്ണം വീശുന്നോ? വിഷമം വരുമ്പോൾ ഒന്നു വീശാൻ തോന്നും... എന്നാലും ഒറ്റയ്ക്കിരുന്നു കഴിക്കാറില്ല.'

'ഞാൻ പകലരുത് എന്നാണു വിശ്വസിക്കുന്നത്.'

'എന്നാൽ വേണ്ട. ഞാനങ്ങനെ ചോദിച്ചിട്ടേയില്ല എന്നങ്ങു കരുതിക്കോ. എന്തു ചെയ്യാം! വർഷങ്ങളായി, സ്വന്തം മകനേപ്പോലെ വളർത്തിക്കൊണ്ടുവന്ന സ്ഥാപനമാ...'

'ഒരാഗോളപ്രതിഭാസമല്ലേ? അനുഭവിക്കാതെ പറ്റില്ലല്ലോ!'

'എന്തായാലും ഈ ചെക്കൊക്കെ വണ്ടിച്ചെക്കാകുന്നതിനുമുമ്പേ ക്യാഷാക്കിയാൽ നിങ്ങൾക്കു നല്ലത്.'

'സർ... നിങ്ങൾക്ക് ആളുമാറിപ്പോയതാ. ഞാൻ ആദി...'

അതു മുഴുമിപ്പിക്കുന്നതിനുമുമ്പ്, കുറേ ചെക്കുകൾ ഒന്നിച്ചിട്ടിരുന്ന കവർ അയാൾ ആദിത്യന്റെ കൈയിൽ കൊടുത്തു.

'അയ്യോ സർ... ഞാനിതൊന്നും പ്രതീക്ഷിച്ചില്ല.'

'ഇനി ഒന്നും പറയണ്ട. ഇപ്പോഴാ എനിക്കൊരു മനസ്സമാധാനമായത്. ഇനി ഈ മാസത്തെ വാടകകൂടിക്കൊടുത്താൽ എല്ലാം പൂട്ടിക്കെട്ടി ഇവിടെനിന്നിറങ്ങാം. എനിക്കറിയാമായിരുന്നു, നിങ്ങൾ ഇവിടെ വരുമെന്ന്. എന്റെ കാര്യങ്ങളൊക്കെ എപ്പോഴും കിറുകൃത്യമാ... ആറ്റിൽ കളഞ്ഞാലും അളന്നു കളയണമെന്നല്ലേ...'

വീണ്ടും ഭാസിയെപ്പോലെ വയറു കുലുക്കിക്കൊണ്ട് പത്രാധിപർ ഉച്ചത്തിൽ ചിരിച്ചു.

'കഴിഞ്ഞ രണ്ടു മാസമായി വീക്കിലി കാണുന്നില്ല. അതുകൊണ്ടാ ഞാനിപ്പൊ ഇങ്ങോട്ടിറങ്ങിയത്.'

'ഇനി വീക്കിലി കാണാനുള്ള സാധ്യതയില്ല. അതാണ് ഇപ്പോഴത്തെ സ്ഥിതി. ഇത് ഒരാഗോളപ്രതിഭാസമാണെന്നല്ലേ താങ്കൾ പറഞ്ഞത്?'

'അതേ.'

'ഞങ്ങളെപ്പോലെയുള്ള പാവപ്പെട്ട പത്രക്കാരെയാ ആദ്യം ബാധിക്കുന്നത്. കുറേക്കഴിഞ്ഞാൽ പിടിച്ചാൽ കിട്ടുകേല. കൊറോണപോലെ കത്തിപ്പടരും.'

വീണ്ടും ഭാസിച്ചിരി. അയാൾ അതു ശ്രദ്ധിക്കാതെ, അപ്രതീക്ഷിതമായി കൈയിൽക്കിട്ടിയ എൻവലപ്പുമായി മെല്ലെ എഴുന്നേറ്റു. ജോലി തെറിക്കുമെന്ന് അഞ്ജന പറഞ്ഞത് ശരിയാണെന്ന് അയാൾക്കു ബോധ്യമായി. പാവം ഇനിയെന്തു ചെയ്യുമെന്നാലോചിച്ച്, പുരുഷോത്തമൻപിള്ളയോടു യാത്ര പറഞ്ഞ് പുറത്തേക്കിറങ്ങി, സാവകാശം പടിയിറങ്ങി. നേരത്തേ കയറിപ്പോയ പ്രായമായ സ്ത്രീയെ പിന്നീടു കണ്ടില്ല. മറ്റേതെങ്കിലും മുറിയിൽ കയറിയാതാവാമെന്നൂഹിച്ചു.

താഴെയിറങ്ങിയപ്പോൾ, അഞ്ജന അയാളെ നോക്കി പരിഹാസപൂർവ്വം ചിരിച്ചുകൊണ്ടു ചോദിച്ചു:

'എന്താ, പിള്ളസ്സാറിന്റെ കൈയിൽനിന്നു വയറുനിറച്ചു കിട്ടിയോ?'

അയാൾ അവളെത്തന്നെ നോക്കിനിന്ന ശേഷം സംശയത്തോടെ പറഞ്ഞു:

'ഈ അംബുക്കനെ ഞാനെവിടെയോ കണ്ടിട്ടുണ്ട്. നല്ല മുഖപരിചയം. ചിലപ്പോൾ ഫെയ്സ്ബുക്കിലോ വാട്സാപ്പിലോ ആയിരിക്കും.'

'രണ്ടിലുമല്ല. ആദിമാഷിന്റെ തൊട്ടയൽപക്കത്തുള്ള ജോസ് അംബുക്കന്റെ മകളാ ഞാൻ. എന്നെ കണ്ടുകാണണം. ഇനിയിപ്പം എന്നെ കണ്ടില്ലെങ്കിലും ഞാൻ മാഷിനെ കാണുന്നുണ്ട്, ആ പൊട്ടലും ചീറ്റലുമുള്ള പഴയ ബൈക്കിൽ എന്നും രാവിലെ പോകുന്നത്.'

'എല്ലാം കാണുന്നുണ്ടായിരുന്നു, അല്ലേ?'

'രണ്ടുകൊല്ലം മുമ്പുവന്ന പുതിയ താമസക്കാർ, ബാങ്ക് മാനേജർ നടേശൻസാറിന്റെ മകൻ' എന്നുകൂടി പറഞ്ഞപ്പോൾ, ആദി ഒന്നും മിണ്ടാതെ അവളെത്തന്നെ നോക്കിനിന്നു.

അല്ലെങ്കിൽത്തന്നെ, തൊട്ടയൽപക്കത്തുള്ളവരെ കാണാതെ, വിദേശരാജ്യങ്ങളിലുള്ളവരുമായി സൗഹൃദം പങ്കുവയ്ക്കുന്നവരാണല്ലോ നമ്മളിപ്പോൾ! അടുത്തുള്ളവരെ കാണാതെയും അറിയാതെയും വർഷങ്ങളോളം ജീവിക്കുന്നു! എല്ലാം അറിഞ്ഞുകൊണ്ട് അവൾ ഒരു നാടകം കളിക്കുകയായിരുന്നുവെന്ന് അയാൾക്കു മനസ്സിലായി.

'ഈ എഴുത്തോല ഉടനേ പൂട്ടും. പിന്നെ എന്റെ കാര്യം കട്ടപ്പുക! അനിയത്തിമാർ രണ്ടുപേർ പഠിക്കുന്നു.'

അവൾ ഒരു കൂസലുമില്ലാതെ പറഞ്ഞു.

'എഴുത്തോല പൂട്ടിയാലും ജോലി പോയാലും എനിക്കിഷ്ടമാ.'

ആദിത്യൻ പുരുഷോത്തമൻപിള്ളയെപ്പോലെ ഉച്ചത്തിൽ പൊട്ടിച്ചിരിച്ചു.

'ഈ ചിരിയും ഒരു കള്ളച്ചിരിയാ. എനിക്കറിയാം, എന്നെപ്പോലെയുള്ള പെൺകുട്ടികളെ ആർക്കും ഇഷ്ടമാവില്ലെന്ന്...'

'എന്റെ കഥകളിലെ നായകമാർ അധികവും കറുത്തവരാ.'

'ഞാനും കഥകൾ വായിക്കാറുണ്ട്.'

'എന്റെ കഥകൾ വായിക്കുന്നവരെയാ എനിക്കുമിഷ്ടം.'

'അതു മനസ്സിലായി. അപ്പോൾ ഞാൻ മാത്രമല്ല...'

'ഇപ്പോൾ, ഈ നിമിഷം മുതൽ അംബുക്കൻ മാത്രമേയുള്ളു.'

അതു കേട്ടപ്പോൾ അവൾ അയാളുടെ കണ്ണുകളിലേക്കുതന്നെ സൂക്ഷിച്ചുനോക്കി, പതിയെ പറഞ്ഞു:

'കള്ളനാണ്, ഒന്നു സൂക്ഷിക്കണമെന്ന് പിള്ളസ്സാർ പറഞ്ഞിരുന്നു.'

'സമ്മതിച്ചു. ഞാൻ ഒരുപാടു കള്ളം പറഞ്ഞിട്ടുണ്ട്; കള്ളം എഴുതിയിട്ടുമുണ്ട്. പക്ഷേ, ഇതു മാത്രം കള്ളമല്ല.'

അവൾ ഒന്നും മിണ്ടാതെ നിലത്തേക്കു നോക്കിനിന്നു.

'എന്താ, കാലുകൊണ്ടു കളം വരയ്ക്കുകയാണോ?'

'അതൊക്കെ പൈങ്കിളിക്കഥയിലെ നായികമാർ... എന്നെ അങ്ങു വിട്ടുപിടിച്ചേര്!'

'പിന്നെയെന്താണ് ഒരു ചിന്താവിഷ്ടയായ ശ്യാമളയെപ്പോലെ?'

'വെറുതെ ഓരോന്നാലോചിക്കുകയായിരുന്നു. അപ്പന്റെ റബ്ബർ കച്ചവടമൊക്കെ നഷ്ടത്തിലാ. പ്രാരാബ്ധങ്ങൾ കൂടുമ്പോൾ എല്ലാം നഷ്ടപ്പെടുന്നതുപോലെ...'

'നാളെത്തന്നെ ഞാൻ ജോസേട്ടനെ കാണും.'

അയാൾ നിശ്ചയിച്ചുറപ്പിച്ചതുപോലെ പറഞ്ഞു.

'ജാതിപ്രശ്നമുണ്ടാകും. അപ്പൻ അംബുക്കൻ മൂത്ത അ പു കയാ...'

'അങ്ങനെയൊരു ജാതിയുണ്ടോ?'

'അതിപുരാതന കത്തോലിക്കാ കുടുംബം. ഈ ആദിമാഷിന് ഒന്നുമറിയില്ല. പക്ഷേ അ പു ക അംബുക്കൻ നർത്തകിയായ ജാനമ്മയുടെ വലയിൽ വീണു...'

'അപ്പോൾ നല്ല സ്കോപ്പുണ്ട്.'

അയാൾ ആത്മവിശ്വാസത്തോടെ പറഞ്ഞു.

'ഞാനൊരു സങ്കരവർഗ്ഗമാ. വീര്യം കൂടും.'

'അതെനിക്ക് ആദ്യം സംസാരിച്ചപ്പോഴേ മനസ്സിലായി. എന്തായാലും ഒന്നു മുട്ടിനോക്കട്ടെ. മുട്ടുവിൻ തുറക്കപ്പെടും എന്നല്ലേ ക്രിസ്തു പറഞ്ഞിരിക്കുന്നത്?'

'മുറിക്കകത്ത് ആളില്ലെങ്കിലോ?'

'അതിപ്പം ക്രിസ്തുവിനോടുതന്നെ ചോദിക്കേണ്ടിവരും.'

അൽപ്പനേരത്തെ നിശ്ശബ്ദതയ്ക്കുശേഷം, അഞ്ജന അയാളോടു മൃദുവായി പറഞ്ഞു:

'എന്നും ആ പൊട്ടബൈക്കിന്റെ ഒച്ച കേൾക്കുമ്പോൾ ഞാനെന്റെ കിടപ്പുമുറിയുടെ ജനാലയിലൂടെ എത്തിനോക്കാറുണ്ടായിരുന്നു.'

അവളത് കാതിൽ മന്ത്രിക്കുന്നതാണെന്ന് ആദിത്യനു തോന്നി. അയാൾ ഒന്നും മിണ്ടാതെ, മുറ്റത്തേക്കിറങ്ങി, ഒന്നുകൂടി തിരിഞ്ഞുനോക്കി ചിരിച്ചുകൊണ്ട് ബൈക്കിനടുത്തേക്കു നടന്നു.

അപ്പോഴാണ്, പിള്ളസ്സാറിന്റെ വിളി വന്നത്.

'അവൻ പോയോ?'

'പോയി.'

'ഒരു കള്ളലക്ഷണമുണ്ട്. സൂക്ഷിച്ചോണം.'

പുരുഷോത്തമൻപിള്ള ആവർത്തിച്ചുപറഞ്ഞു.

'ഓക്കെ സർ.'

അവൾ പുഞ്ചിരിച്ചുകൊണ്ട് ഫോൺ വച്ചു.

അപ്പോൾ, ആ പഴയ മോട്ടോർ ബൈക്കിന്റെ ഉച്ചത്തിലുള്ള ശബ്ദം, ദൂരെയെങ്ങോനിന്നു കേൾക്കുന്നതുപോലെ അഞ്ജനയ്ക്കു തോന്നി.